പി. ഡബ്ലിയു. ഡി. എഞ്ചിനീയർമാരുടെ സ്ഥലംമാറ്റം

1821 [2794] ശ്രീ. ടി. വി. വിജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി. ഡബ്ലിയു. ഡി. എഞ്ചിനീയർമാരുടെ സ്ഥലം മാറ്റത്തിനുള്ള മാനദണ്ഡമെന്താണ്;

(ബി) ഒരു സ്ഥലത്ത് രണ്ടു വർഷമെങ്കിലും ഇരിക്കാനുള്ള നിയമം ലംഘിക്കുന്നത് കർശനമായി തടയാൻ വേണ്ട നടപടികളെടുക്കുമോ?

ഉത്തരം

(എ) പി. ഡബ്ലിയു. ഡി. എഞ്ചിനീയർമാരുടെ സ്ഥലം മാറ്റത്തിനെ സംബന്ധിച്ച് 16-7-1982-ലെ 25246/എ1/82/പി. ഡബ്ലിയു. ഡി.ആൻറ് ഇ. എന്ന കത്തിലും, 4-3-1983-ലെ 7351/എ1/83/പി. ഡബ്ലിയു. എന്ന കത്തിലും, 5-4-1983-ലെ ജി. ഒ. (എം. എസ്.) 75/73/പി. ഡബ്ലിയു. എന്ന ഉത്തരവിലും പറയും പ്രകാരം ചില മാനദണ്ഡങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത കത്തുകളുടെയും ഉത്തരവിൻറെയും പകർപ്പുകൾ ഇതുസഹിതം വയ്ക്കുന്നു. †

(ബി) സ്ഥലം മാറ്റങ്ങൾ നടത്തുന്നത് നിർദ്ദിഷ്ട മാനദണ്ഡം അനുസരിച്ചാകയാൽ ചോദ്യം ഉദിക്കുന്നില്ല.

ഇറിഗേഷൻ പ്രോജക്റ്റിലുള്ള എസ്. എൽ. ആർ./സി. എൽ. ആർ. വിഭാഗം തൊഴിലാളികൾ

1822 [2849] ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇറിഗേഷൻ പ്രോജക്റ്റ് മേഖലകളിൽ പണിയെടുക്കുന്ന എസ്. എൽ. ആർ./സി. എൽ. ആർ. വിഭാഗം തൊഴിലാളികളുടെ വിവിധ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് സർക്കാരിന് എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സർക്കാരിൻറെ പരിഗണനയിലാണ്.

† അനുബന്ധം—III

LIBRARY ARCHIVES Kerala Legislative Assembly